# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചോറോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/991/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോറോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/991/2022 തീയ്യതി: 08/06/2022

## കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 30-05-2022 | 04-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-05-2022 | 04-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി വിജില അമ്പലത്തിൽ | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| ശ്രീ പി പി ചന്ദ്രശേഖരൻ മാസ്റ്റർ | പ്രസിഡന്റ് | 28-12-2020 | 31-03-2021 |
| ശ്രീ അനിൽകുമാർ നൊച്ചിയിൽ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി പ്രിയ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 22-06-2020 |
| ശ്രീമതി ശ്രീകല വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-06-2020 | 29-06-2020 |
| ശ്രീ പ്രദീപ്കുമാർ പി | സെക്രട്ടറി | 30-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രിയ വി | അസി.സെക്രട്ടറി | 01-04-2020 | 22-06-2020 |
| ശ്രീമതി ശ്രീകല വി | അസി.സെക്രട്ടറി | 23-06-2020 | 31-03-2021 |
| ശ്രീ സുനീഷ് ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 10-10-2020 |
| ശ്രീ ദയാകലൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11-10-2020 | 11-02-2021 |
| ശ്രീ ദിതീഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12-02-2021 | 31-03-2021 |
| ശ്രീ വിപിൻകുമാർ ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ലതിക | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ലിമിന എ ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ അനിൽകുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ ഷൈനി ആർ നമ്പീശൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-07-2020 |
| ഡോ അപർണ മാധവൻ | വെറ്ററിനറി സർജൻ | 01-08-2020 | 31-03-2021 |
| ശ്രീമതി നസിയ ബീരാൻ | കൃഷി ഓഫീസർ | 01-04-2020 | 31-01-2021 |
| ശ്രീമതി സിന്ധു | കൃഷി ഓഫീസർ | 01-02-2021 | 31-03-2021 |
| ഡോ ഡെയ്സി ഗോർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ ശ്രീജിത്ത് പി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി സുനിത പി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

8/11/2020 മുതൽ 27/12/2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 07-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T.K.Latha (Senior Grade Auditor, On 31-05-2022)<br>Last Updated By: SathishKumar C P (Asst. Audit Officer, On 31-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: T.K.Latha (Senior Grade Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 07-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 07-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 31-05-2022)<br>Last Updated By: Vasudevan M (Deputy Director, On 07-06-2022) | 1- 5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1- 7 |
| 8 | വാർഷിക കണക്ക് - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1- 8 |
| 9 | ഒരേ കെട്ടിടത്തിന് വ്യത്യസ്ത റോഡ് രേഖപ്പെടുത്തിയിരിക്കുന്നു-വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു<br>Written By: Jisha.P (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-9 |
| 10 | അനധികൃത നിർമ്മാണം- തുടർനടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Jisha.P (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1- 10 |
| 11 | എഫ്.ടി.ഇ&ഒ.എസ്- ലൈസൻസ്-അപാകതകൾ<br>Written By: Jisha.P (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1- 11 |
| 12 | തൊഴിൽ നികുതി-എല്ലാ സ്ഥാപനങ്ങളെയും നികുതിപരിധിയിൽ കൊണ്ടുവന്നില്ല<br>Written By: Jisha.P (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1- 12 |
| 13 | പ്രമോഷൻ - ഫിക്സേഷൻ നൽകിയതിലെ അപാകത<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-13 |
| 14 | വ്യക്തിഗത/കുടുംബ വരുമാനം പരിഗണിക്കാതെ തൊഴിൽരഹിതവേതനം നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-14 |
| 15 | ഭവന പദ്ധതി - ലോണിന് പിഴ പലിശ ബാങ്ക് ഈടാക്കി<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-15 |
| 16 | തെരുവ് വിളക്ക് ലൈൻ വലിക്കൽ-പൂർത്തീകരണവിവരം ലഭ്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-16 |
| 17 | ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവഴിച്ചില്ല.<br>Written By: T.K.Latha (Senior Grade Auditor, On 03-06-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 08-06-2022) | |
| 18 | അളവക്കൽ വീവേഷ്ണ് സ്ഥലവും കെട്ടിടവും ഏറ്റെടുക്കൽ-അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-18 |
| 19 | തെരുവു വിളക്ക് എ.എം.സി.-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-19 |
| 20 | 3 വർഷം കഴിഞ്ഞ – ഡെപ്പോസിറ്റ് തുകകൾ - തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല.<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1- 20 |
| 21 | ജൽജീവൻ പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല<br>Written By: RAMDAS M. (Asst. Audit Officer, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-21 |
| 22 | കരാർ പ്രകാരം പ്രവർത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 05-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-22 |
| 23 | മെറ്റീരിയൽ റിക്കവറി സെന്റർ പ്രവർത്തനം ആരംഭിക്കാത്തത് സംബന്ധിച്ച്.<br>Written By: Shyna A.K (Asst. Audit Officer, On 05-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-23 |
| 24 | നഗര സഞ്ചയ ഫണ്ട്- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ 24.31 ലക്ഷം രൂപ നഷ്ടപ്പെട്ടു<br>Written By: Shyna A.K (Asst. Audit Officer, On 05-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-24 |
| 25 | മരാമത്ത് പ്രവർത്തികൾക്ക് മുൻകൂർ അനുവദിക്കുന്നത് വ്യവസ്ഥാപിതമായ രീതിയിലല്ല<br>Written By: Shyna A.K (Asst. Audit Officer, On 05-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-25 |
| | ഭാഗം **2** | |
| 1 | ഒരേ കെട്ടിടത്തിന് വ്യത്യസ്ത റോഡ് രേഖപ്പെടുത്തിയിരിക്കുന്നു-വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു<br>Written By: Jisha.P (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| | Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | |
| 7 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27/03/2020 ലെ 1/130/19-20നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 15/02/2021ലെ ഭരണസമിതി തീരുമാന നമ്പർ 2/1 പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 25492889 | 51992492 |
| വരവ് | 138330350 | 74257300 |
| ചെലവ് | 154157606 | 105940615 |
| നീക്കിയിരിപ്പ് | 9665633 | 20309177 |

ബജറ്റ് ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

തൻവർഷം ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു കാണാം. തുടർവർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 04.05.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,19,92,492 |
| വരവ് | 7,54,91,357 |
| ആകെ | 12,74,83,849 |
| ചെലവ് | 10,594,0,615 |
| നീക്കിയിരിപ്പ് | 2,15,43,234 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15679545 | 15679545 | 13212173 | 2467372 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 1653373 | 1653373 | 1384489 | 268884 |
| വികസന ഫണ്ട്-<br>ടി.എസ്.പി (ACR പ്രകാരം) | 0 | 178000 | 178000 | 0 | 178000 |
| മെയിന്റനൻസ്,<br>റോഡ് (ACR പ്രകാരം) | 0 | 4771000 | 4771000 | 4771000 | 0 |
| മെയിന്റനൻസ്,<br>നോൺ-റോഡ് (ACR പ്രകാരം) | 0 | 5656206 | 5656206 | 3656573 | 1999633 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ് ഗ്രാന്റ് ) | | 6720000 | 6720000 | 789500 | 5930500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ് ) | | 14756939 | 14756939 | 12209096 | 2547843 |
| സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റ് | 1326731 | 2900853 | 4227584 | 791891 | 3435693 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 42635 | 786750 | 829385 | 42635 | 786750 |
| ശുചിത്വ മിഷന്ഫണ്ട് | 799874 | 2900853 | 3700727 | 265034 | 3435693 |
| വിമുക്തി ഫണ്ട് | 43540 | 0 | 43540 | 0 | 43540 |
| അംഗനവാടി അനുപൂരക പോഷാഹാര പരിപാടി | 1209641 | 1217694 | 2427335 | 1500000 | 927335 |
| ജോയിന്റ് വെഞ്ചർ<br>ബ്ലോക്ക് പഞ്ചായത്ത് | 662120 | 0 | 662120 | 290855 | 371265 |
| ജില്ലാ പഞ്ചായത്ത് | 567187 | 0 | 567187 | 0 | 567187 |

## 1- 5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
| 223 | 100641638 | 161 | 54844733 | | 62 | 72.19 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 10 | 5 | 2267367 | 962093 | 42.43 |
| വെറ്ററിനറി സർജൻ | 11 | 11 | 2715625 | 1772418 | 65.26 |
| മെഡിക്കൽ ഓഫീസർ) (പി.എച്ച്.സി) | 13 | 13 | 3452000 | 3230830 | 93.59 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 6 | 5 | 1601100 | 565872 | 35.34 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 9 | 14668253 | 3552724 | 24.22 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 8 | 8949400 | 7162870 | 80.03 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 76 | 44001097 | 23148364 | 52.60 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 0 | 12969 | 0 | 0 |
| സെക്രട്ടറി | 36 | 22 | 18069187 | 10746608 | 59.47 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1280000 | 1218267 | 95.17 |
| അസി.സെക്രട്ടറി | 11 | 7 | 2005250 | 1067785 | 53.24 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 6 | 3 | 1619390 | 1416902 | 87.49 |
| | 223 | 161 | 100641638 | 54844733 | 54.49 |

ഡി.പി.സി. അഗീകാരം ലഭിച്ച 223 പ്രൊജക്ടുകളിൽ 161 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 10,06,41,638/-രൂപ വകയിരുത്തിയതിൽ 5,48,44,733 /-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,21,45,022/-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച 76 മരാമത്തു പ്രൊജക്ടുകളിൽ പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 4,40,01,097 /-രൂപ വകയിരുത്തിയതിൽ 2,31,48,364 /-രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്. അതായത് 52.60 ശതമാനം തുക മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

വികസനഫണ്ട് (ടി.എസ്.പി) ഇനത്തിൽ 1,78,000/-രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നുവെങ്കിലും ഈ തുക ചെലവഴിക്കാതെ നഷ്ടപ്പെട്ടു.

| ഫണ്ടിനം | ഓ.ബി | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക/നഷ്ടപ്പെട്ടതുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 15679545 | 15679545 | 13212173 | 2467372 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1653373 | 1653373 | 1384489 | 268884 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 178000 | 178000 | 0 | 178000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4771000 | 4771000 | 4771000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5656206 | 5656206 | 3656573 | 1999633 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ് ഗ്രാന്റ്) | | 6720000 | 6720000 | 789500 | 5930500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്) | | 14756939 | 14756939 | 12209096 | 2547843 |
| | | 49415063 | 49415063 | 36022831 | 13392236 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച 4,94,15,063 തുകയിൽ 1,33,92,236/- രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതുമാണ്. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന തുകകൾ സർക്കാർ മാനദണ്ഡംപ്രകാരം,പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായി വിനിയോഗിക്കുന്നതിന്

സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7105300 | 449 |
| വികലാംഗ പെൻഷൻ | 7588700 | 500 |
| വാർദ്ധക്യകാലപെൻഷൻ | 38993700 | 2903 |
| അഗതി പെൻഷൻ | 21048000 | 1198 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |
| തൊഴിലുറപ്പ് പദ്ധതി നൂറുദിനം തികച്ചവർക്കുള്ള ധനസഹായം | 229000 | 229 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകർക്കുള്ള പെൻഷൻ | 2350300 | 144 |
| തൊഴിൽ രഹിത വേതനം | 31920 | 46 |

## 1- 7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ നമ്പർ വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കാഷ്ബുക്ക്, ഡേബുക്ക്, ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട കാൻസൽഡ് റസീറ്റ് റിപ്പോർട്ടുകൾ എല്ലാ മാസവും പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2020-21 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പരാതി രജിസ്റ്ററിൽ 2020-21 വർഷത്തിൽ പരാതി ലഭിച്ചതിന് ശേഷം സ്വീകരിച്ച നടപടികൾ, കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിവരാവകാശ രജിസ്റ്റർ നല്ല രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2020-21 വർഷത്തിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നീ ഇനങ്ങളിലെ വരവ് സംക്ഷിപ്തം പ്രത്യേകമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ് നിലവിൽ വാടക കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്.

## 1- 8 വാർഷിക കണക്ക് - അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. വിവിധ സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചയത്തിന് ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 9,38,452/- രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5. ചുവടെ പറയുന്ന അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ ഇല്ല .

| ക്രമ നം | അക്കൗണ്ട് വിവരങ്ങൾ | നിക്കീബാക്കി |
|---|---|---|
| 1 | Chorode SCB MN LAKSHAMVEEDU | 61,209 |
| 2 | Canara Bank Jalanidhi | 34,95,304 |
| 3 | SMGB OAP | 4,389 |
| 4 | Canara Bank Bpl | 291 |
| 5 | SMGB Saksharatha | 2,252 |
| 6 | CSB SSA | 2,682 |
| 7 | CSB E - Saksharatha | 1,03,813 |
| | ആകെ | 36,69,940 |

പ്രത്യേക പദ്ധതി ചെലവുകൾക്കായി തുടങ്ങിയ അക്കൗണ്ടുകളുടെ ആവശ്യകത പരിശോധിച്ച് ആവശ്യക്ത മുൻനിർത്തി നിലനിർത്തേണ്ടവ മാത്രം നിലനിർത്തി കാലാവധി പൂർത്തിയായവ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതാണ്.

6.Monthly Reconcillation ചെയ്യുന്നുണ്ടെങ്കിലും,റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7. വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഡിമാന്റ് തുക 10,73,190/-രൂപയും, കളക്ഷൻ 10,55,190/-രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റും,കളക്ഷനും 10,73,190/-രൂപയാണ്. വാർഷിക കണക്കും, ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

8. 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റ് തുകയായ 45,460/-രൂപ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

9.ജലജീവൻ മിഷൻ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്ന് 6,75,900/ പിൻവലിച്ച് ഇതിനായി ആരംഭിച്ച അക്കൗണ്ടിൽ നിക്കീയിരിപ്പുണ്ട്. വികസന ഫണ്ടിൽ നിന്ന് തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയില്ല.

10.ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് തൻവർഷം പൊതുമരാമത്ത് പ്രവൃത്തിക്കൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ അഡ്വാൻസ് ടു അദർ ഏജൻസീസ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (04/2020 – 21/02.06.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, കൃത്യമായി അപാകതകൾ പരിഹരിക്കേണ്ടതും, നിഷ്ക്രിയമായ അക്കൗണ്ടുകൾ ആവശ്യകത മുൻനിർത്തി നിലനിർത്തേണ്ടവ മാത്രം നിലനിർത്തി കാലാവധി പൂർത്തിയായവ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1-9 ഒരേ കെട്ടിടത്തിന് വ്യത്യസ്ത റോഡ് രേഖപ്പെടുത്തിയിരിക്കുന്നു-വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഫയൽ, സഞ്ചയ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ചോറോട് ഗ്രാമപഞ്ചായത്ത് 12 ാം വാർഡിൽ സുലൈമാൻ, പിലാക്കാട്ട് മീത്തൽ, മാങ്ങാട്ട് പാറ എന്ന ആളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ താഴത്തെ നില 481 A,B,C,D എന്നീ മുറികൾ വാണിജ്യാവശ്യത്തിനുള്ള ഷോപ്പ് മുറികളായും 481 E നം ഒന്നാം നില ലോഡ്ജ് ആവശ്യത്തിനായും നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചവയാണ്. എന്നാൽ വസ്തുനികുതി കണക്കാക്കിയതിൽ 481 E യ്ക്ക് സൈറ്റ് പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടുതൽ വഴി ഉള്ളതിനാൽ വസ്തുനികുതിയുടെ 20% കണക്കാക്കി വഴി വർദ്ധന ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചെങ്കിലും 481 A,B,C,D എന്നീ മുറികൾക്ക് 1.5 മീറ്ററിൽ കൂടുതൽ റോഡ് എന്ന് രേഖപ്പെടുത്തി യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ട വഴി വർദ്ധന ഉൾപ്പെടുത്താതെയുമാണ് നികുതി നിർണ്ണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഈടാക്കിയ വസ്തുനികുതി

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | ആകെ വിസ്തീർണ്ണം | അടിസ്ഥാന നികുതി നിരക്ക് | ദ്വിതീയ മേഖല ഇളവ് | വഴി സൗകര്യം വർദ്ധനവ് | വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | സുലൈമാൻ, പിലാക്കാട്ട് മീത്തൽ, മാങ്ങാട്ട് പാറ | 12/481 A | 50.56 | 50 | 252.8 | - | 2276 | 114 | 2390 |
| 2 | | 12/481 B | 15.78 | 50 | 78.9 | - | 711 | 36 | 747 |
| 3 | | 12/481 C | 31.1 | 50 | 155.5 | - | 1400 | 70 | 1470 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | | 12/481 D | 26.07 | 50 | 130.35 | - | 1174 | 59 | 1233 |
| 5 | | 12/481 E | 146.79 | 30 | 440.37 | 880.74 | 4845 | 243 | 5088 |

ഈടാക്കേണ്ട വസ്തുനികുതി

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | ആകെ വിസ്തീർണ്ണം | അടി സ്ഥാന നികുതി നിരക്ക് | അടി സ്ഥാന നികുതി | ദ്വിതീയ മേഖല ഇളവ് | വഴി സൗകര്യം വർദ്ധനവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ | ഈടാക്കേണ്ട തുക- ഈടാക്കിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| 1 | സുലൈമാൻ, പിലാക്കാട്ട് മീത്തൽ, മാങ്ങാട്ട് പാറ | 12/481 A | 50.56 | 50 | 2528 | 252.8 | 505.60 | 2781 | 139 | 2781+ 139= 2920 | 505+ 25=530 |
| 2 | | 12/481 B | 15.78 | 50 | 789 | 78.9 | 157.80 | 868 | 43 | 868+ 43=911 | 157+ 7=164 |
| 3 | | 12/481 C | 31.1 | 50 | 1555 | 155.5 | 311 | 1711 | 86 | 1711+ 86=1797 | 311+ 16=327 |
| 4 | | 12/481 D | 26.07 | 50 | 1303.5 | 130.35 | 260.70 | 1434 | 72 | 1434+ 72=1506 | 260+ 13=273 |
| 5 | | 12/481 E | 146.79 | 30 | 4403.7 | 440.37 | 880.74 | 4845 | 243 | 5088 | 0 |
| ആകെ | | | | | | | | | | 1233+61=1294 | |

മുൻ വർഷ റിപ്പോർട്ടിൽ റോഡുകൾ തിരഞ്ഞെടുക്കുന്നതിലെ അപാകതകൾ പരാമർശിച്ചിരുന്നു. ഈ വസ്തുത ശരി വയ്ക്കുന്ന തരത്തിലാണ് മേൽ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചത്. വസ്തുനികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതിനിർണ്ണയം പുന:പരിശോധിച്ച് വസ്തുനികുതി ഇനത്തിലുണ്ടായ നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1- 10 അനധികൃത നിർമ്മാണം- തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

ചോറോട് ഗ്രാമപഞ്ചായത്തിലെ 4ാം വാർഡിൽ ശ്രീ.മുഹമ്മദ് റാഫി, മുട്ടുങ്ങൽ, യൂസഫ് എന്നിവർ നടത്തിയ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാൻ നൽകിയ സെക്രട്ടറിയുടെ A1-5665/19 തിയ്യതി 1.11.19 നം ഉത്തരവിനെതിരെ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും IA No.1623/19 In Appeal No. 753/2019 ൽ 5.11.19 അനുകൂല വിധി(സ്റ്റേ ഉത്തരവ്) നേടുകയും ചെയ്തിട്ടുണ്ട്. മേൽ വ്യക്തികളുടെ 4/228,229,230,231,232 എന്നീ നമ്പർ മുറികൾ ഉൾപ്പെട്ട കെട്ടിടത്തിന് 2019 ആഗസ്റ്റിലെ ലെ പ്രളയവും ശക്തമായ കാറ്റിലും മരം വീണ് കെട്ടിടം അപകടാവസ്ഥയിലായതിനാൽ അറ്റകുറ്റപണി നടത്തിയതാണെന്നും കേസ് ഫയൽ പ്രകാരം പറയുന്നു. അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിനുള്ള ഉത്തരവിനെതിരെ സ്റ്റേ 5.11.19 നാണ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ മേൽ കെട്ടിടം പരിശോധിച്ച് റഗുലറൈസ് ചെയ്യുകയോ കേസിൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. തുടർനടപടികൾ സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങൾ നടക്കുന്നതിന് ഉദാഹരണമാണ് മേൽപ്രസ്താവിച്ചത്. ഇതിൽ നിന്നും പഞ്ചായത്തിലെ വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ യഥാസമയം പരിശോധന നടത്തുന്നതിലെ വീഴ്ചയാണ് ചൂണ്ടിക്കാണിക്കുന്നത്. നിലവിൽ അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തിയതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി അറിയിക്കേണ്ടതുമാണ്.

## 1- 11 എഫ്.ടി.ഇ&ഒ.എസ്- ലൈസൻസ്-അപാകതകൾ

2020-21 വർഷം ലൈസൻസ് രജിസ്റ്റർ പ്രകാരം 546 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, പരാതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് നിയമം (ഡി ആന്റ് ഒ. ട്രേഡ് ആന്റ് ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക(ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ എത്ര പേർ ലൈസൻസ് എടുക്കാനുണ്ടെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പരാതി ഫയൽ ബി 1-1266/21 പ്രകാരം ശ്രീ.ഹരിദാസൻ കൊളായിമീത്തൽ എന്ന ആൾ നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിൽ അനധികൃത തട്ടുകട പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബി 1-6795/21 നം, ശ്രീ.ജയൻ.എ.കെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 13/438 നം കെട്ടിടത്തിൽ ലൈസൻസില്ലാതെ വടകര ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ചേന്ദംഗലത്ത് സിമന്റ് ബ്രിക്സ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നില്ല എന്ന് വ്യക്തമാണ്. ഇത്തരത്തിൽ വാർഡ് തലത്തിൽ പരിശോധന നടത്തി തയ്യാറാക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളുൾപ്പെടെ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു മാത്രമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതും ലൈസൻസ് എടുക്കാത്ത മുഴുവൻ പേരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.

1- 12 തൊഴിൽ നികുതി-എല്ലാ സ്ഥാപനങ്ങളെയും നികുതിപരിധിയിൽ കൊണ്ടുവന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബ്ലോസം പബ്ലിക് സ്കൂൾ | ഒന്നും, രണ്ടും അർദ്ധവർഷം |
| 2 | വടകര ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നും, രണ്ടും അർദ്ധവർഷം |

വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തി തയ്യാറാക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളുൾപ്പെടെ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-13 പ്രമോഷൻ - ഫിക്സേഷൻ നൽകിയതിലെ അപാകത

ശ്രീ.സന്തോഷ് പറളി-546931 ,സീനിയർ ക്ലർക്ക് എന്നിവരുടെ സീനിയർ ക്ലർക്കായി പ്രൊമോഷൻ ലഭിച്ച തീയതിയിൽ ശമ്പളം പുനർനിർണ്ണയിച്ചതിൽ അപാകതയുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പേര് | സന്തോഷ് പറളി-546931 |
| ഉദ്യോഗ പേര് | സീനിയർ ക്ലർക്ക് |
| ക്ലർക്കായി സേവനത്തിൽ പ്രവേശിച്ച തീയതി | 12.11.2012 FN |
| പ്രോബേഷൻ ഡിക്ലയർ ചെയ്ത തീയതി | 12.02.2015 |

| | |
|---|---|
| സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച തീയതി | 21/12/2020 (ശൂന്യവേതന അവധികാലം കുറച്ചതിനാൽ) |
| 20.12.2020 ലെ അടിസ്ഥാന ശമ്പളം | 35600/- (26500 - 60700) |
| സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന 21/12/2020 ലെ ശമ്പളം/- ശമ്പള സ്കെയിൽ | 37400/- (35600 - 75400) |
| സീനിയർ ക്ലർക്കായി പ്രൊമോഷൻ ലഭിച്ച തീയതി | 01.04.2022 |
| 01.04.2022 അടിസ്ഥാന ശമ്പളം അർഹമായത് | 38300/- |
| 01.04.2022 അടിസ്ഥാന ശമ്പളം നൽകിയത് | 40300/- |

ടിയാന് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച തീയതിയിൽ ഫിക്സേഷൻ നൽകി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ആയതിനാൽ സീനിയർ ക്ലർക്കായി പ്രൊമോഷൻ ലഭിച്ച തീയതിയിൽ കെ.എസ്.ആർ പാർട്ട് 1 ചട്ടം 30 പ്രകാരമാണ് ശമ്പളം നിർണ്ണയിക്കേണ്ടത്. സീനിയർ ക്ലർക്കായി പ്രൊമോഷൻ ലഭിച്ച തീയതിയിൽ ശമ്പളം പുനർനിർണ്ണയിച്ച് അടിസ്ഥാനശമ്പളം 01.04.2022 പ്രാബല്യത്തിൽ 40300/-രൂപയായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട് .കൂടാതെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചപ്പോൾ തെരഞ്ഞെടുത്ത (27900- 63700) ശമ്പള സ്കെയിലിലും (35600 – 75400) വ്യത്യാസമുണ്ട്. ആയതിനാൽ ടിയാന് 01.04.2022 മുതൽ 31.05.2022 വരെ 2 മാസത്തെ ശമ്പളത്തിൽ 2140 /- രൂപ അധികം നൽകിയതായി കാണുന്നു.

കവിത എം.ബി സീനിയർക്ലർക്ക് എന്നിവർ 02.08.2010 ന് സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. എന്നാൽ ടിയാരിയുടെ ആദ്യ വർഷത്തെ ആർജ്ജിതാവധി പുനർ നിർണ്ണയിച്ചതായി കാണുന്നില്ല.

മേൽ അപാകതയ്ക്ക് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (10/2020 – 21/02.06.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയാന് 01.04.2022 മുതൽ 31.05.2022 വരെ 2 മാസത്തെ ശമ്പളത്തിൽ 2140 - രൂപ അധികം നൽകിയ തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതും, തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1-14 വ്യക്തിഗത/കുടുംബ വരുമാനം പരിഗണിക്കാതെ തൊഴിൽരഹിതവേതനം നൽകി

ബിൽ നമ്പർ-20170352009200485567/9.9.20 ചെലവുതുക-31900/-

തൊഴിൽ രഹിത വേതന വിതരണ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ 46 പേർക്കായി 31900/-രൂപ തൊഴിൽ രഹിത വേതനമിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് വേതനം അനുവദിക്കുന്നതിനു മുമ്പെ തൊഴിലുറപ്പ് ഉൾപ്പെടെ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റി വ്യക്തിഗത/കുടുംബ വരുമാനം പരിധിയിൽ അധികമായവരെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാറും എംപ്ളോയ്മെന്റ് ഡയറക്ടറേറ്റും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് വാങ്ങി പരിശോധിക്കാതെയാണ് വേതനം വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ വരുമാനം പരിഗണിക്കാതെ വേതനം വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/02.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വരുമാനം പരിഗണിക്കാതെ തൊഴിലില്ലായ്മാ വേതനം വിതരണം ചെയ്തത് ശരിയല്ല. ചെലവു തുക 31900/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ുണഭോക്താക്കളുടെ വരുമാന വിവരങ്ങൾ വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-15 ഭവന പദ്ധതി - ലോണിന് പിഴ പലിശ ബാങ്ക് ഈടാക്കി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11/03/2013ലെ സ.ഉ (M.S)നം. 83/13 പ്രകാരവും, ചോറോട് പഞ്ചായത്ത് ഭരണസമിതിയുടെ 10/07/2014 ലെ 100/15നമ്പർ തീരുമാന പ്രകാരവും ഗ്രാമപഞ്ചായത്ത് ഭവനപദ്ധതി നടപ്പിലാക്കുന്നതിനായി വായ്പ എടുക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ ഭാഗമായി ചോറോട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 11% പലിശ നിരക്കിൽ 10 വർഷം കാലാവധിയിൽ വായ്പയെടുക്കുന്നതിന് 10/06/2015 തീയതിയിലെ 51613/DB1/141 തദ്ദേശസ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

ഭവനപദ്ധതി നടപ്പിലാക്കുന്നതിനായി 1,60,00,000/- രൂപ (ഒരു കോടി അറുപത് ലക്ഷം) വായ്പ അനുവദിക്കുന്നതിന് സന്നദ്ധത അറിയിക്കുകയും ,ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും,ചോറോട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി രണ്ടാം കക്ഷിയായും 28.12.2015 കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 14.01.2016 മുതൽ 31.03.2017വരെ വിവിധ ഘട്ടങ്ങളിലായി ആകെ 1,18,32,000/-(ഒരുകോടി പതിനെട്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപാമാത്രം) ലോൺ എടുക്കുകയും, 31.03.2022 വരെ ഈ ഇനത്തിൽ 83,02,046/- രൂപ മുതലും, പലിശയിനത്തിൽ 46,90,310/-രൂപയും പിഴ പലിശയിനത്തിൽ 116164/-രൂപയും ഗ്രാമപഞ്ചായത്ത് അടവാക്കിയതായി ബാങ്കിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ബോദ്ധ്യപ്പെടുന്നു.

പ്രസ്തുത കരാറിലെ നിബന്ധന (3) പ്രകാരം 2016-17 മുതൽ ലഭിക്കുന്ന പൊതുവിഭാഗം വികസന ഫണ്ട് വിഹിതത്തിൽ നിന്ന് 10 തുല്യ ഗഡുക്കളായി മുതലും, പലിശ തനത് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കാവുന്നതാണെന്നും, കൂടാതെ നിബന്ധന (5) പ്രകാരം ലഭ്യമാക്കുന്ന ലോൺ തുകയുടെ മുതൽ തിരിച്ചടവാക്കുന്നതിനുസരിച്ച് മാത്രമേ പലിശ കണക്കാക്കാവുന്നതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നിരുന്നിട്ടും ചുവടെ രേഖപ്പെടുത്തിയ തീയതികളിൽ ബാങ്ക് പിഴ പലിശ ഈടാക്കിയിട്ടുണ്ട്.

| തീയതി | അടവാക്കിയ മുതൽ | പലിശ | ഈടാക്കിയ പിഴ പലിശ |
|---|---|---|---|
| 25/01/2017 | 853834 | 741071 | 5095 |
| 22/03/2017 | 315549 | 160886 | 23565 |
| 22/03/2017 | 700000 | | |
| 22/07/2017 | --- | 123508 | 45492 |
| 16/09/2017 | ---- | 409689 | 20892 |
| 29/11/2017 | ----- | 48299 | 21120 |
| | | | 116164/- |

പിഴ പലിശ 116164/- രൂപ ബാങ്ക് ഈടാക്കിയതും, ആയതിനെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കാത്തതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പിഴ പലിശ ഈടാക്കുന്നതിനുള്ള സാഹചര്യം വിശദമാക്കേണ്ടതും, ഈ ഇനത്തിൽ അടവാക്കിയ തുക മുതലിനത്തിൽ വരവ് വെയ്ക്കാത്തതിനും കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (09/2020 – 21/02.06.2022)ക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, പിഴ പലിശയിനത്തിൽ ബാങ്ക് ഈടാക്കിയ 116164/- രൂപ മുതലിനത്തിൽ വരവ് വെയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-16 തെരുവ് വിളക്ക് ലൈൻ വലിക്കൽ-പൂർത്തീകരണവിവരം ലഭ്യമല്ല.

ചോറോട് ഗ്രാമപഞ്ചായത്തിലെ മുട്ടുങ്ങൽ സെക്ഷൻ പരിധിയിൽ തെരുവു വിളക്ക് ഇല്ലാത്ത പ്രദേശങ്ങളിൽ പ്രത്യേകലൈൻ വലിച്ച് തെരുവു വിളക്ക് സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്ത പ്രവൃത്തിക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ പണം നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര്,നമ്പർ | നിക്ഷേപിച്ച തുക | ബിൽ നമ്പർ,തിയ്യതി |
|---|---|---|
| തെരുവ് വിളക്ക് ലൈൻ വലിക്കൽ-279/21 | 547221/-(ധ.ക.ഗ്രാന്റ്) | 27/23.03.21 |

ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ട് ഇതുവരെയും പൂർത്തീകരിച്ചതായികാണുന്നില്ല. പണിപൂർത്തീകരിച്ചതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രൊജക്ടുകൾക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും തുക കൈമാറേണ്ട നിർവ്വഹണോദ്യോഗസ്ഥൻ അവസാനസമയത്താണ് പണം വൈദ്യുതി ബോർഡിന് കൈമാറിയിട്ടുള്ളത്. വൈദ്യുതി ബോർഡുമായി കരാർ ചമച്ചതായി കാണുന്നില്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം,ഫൈനൽബില്ലിന്റെ കോപ്പി എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02 /02.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പൂർത്തീകരണ വിവരത്തിന്റെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1-17 ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവഴിച്ചില്ല.

സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 9,38,452 ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയതിൽ 5,67,187 രൂപ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലും 3,71,265 ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും ചെലവഴിക്കാതെ അവശേഷിച്ച തുകയാണ്. പ്രസ്തുത തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ലഭ്യമായ വർഷം, ഏത് പദ്ധതിയ്ക്ക് ലഭ്യമായ തുകയാണ് എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.

23.01.2017 ധനകാര്യ വകുപ്പിന്റെ സ.ഉ (പി) നം.07/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ട് - മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനായി ഒരു STSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കാവുന്നതാണെന്നും,സെപ്റ്റംബർ 30 ന് മുൻപ് സ്ഥാപനങ്ങൾ ഈ അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും നിഷ്ക്രഷിച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 9,38,452/- രൂപ തിരികെ നൽകാത്തതിനും, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനും മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (06/2020 – 21/02.06.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കി തുടർ നടപടികൾ

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 അളവക്കൽ വീവേഴ്സ് സ്ഥലവും കെട്ടിടവും ഏറ്റെടുക്കൽ-അപാകതകൾ

നാഷണൽ ഹൈവെ വികസനത്തിനായി പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗം അക്വയർ ചെയ്ത് പോകുന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഓഫീസിന് നിലവിലുള്ള സ്ഥലത്ത് പ്രവൃത്തിക്കാൻ വേണ്ട സൌകര്യങ്ങൾ മതിയാവാത്തതിനാൽ അളവക്കൽ വീവേഴ്സ് സൊസൈറ്റിയുടെ 44 സെന്റ് സ്ഥലവും കെട്ടിടവും സർക്കാർ അനുമതിയോടെ ഏറ്റെടുക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്ടാണിത്. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്,നമ്പർ | അളവക്കൽ വീവേഴ്സ് കെട്ടിടം ഏറ്റെടുക്കൽ 43/21 |
| UTR നമ്പർ,തിയ്യതി,ചെലവഴിച്ച തുക (തനത്ഫണ്ട്) | 861157466/9.4.21- 1400,000/- |
| | 861157462/9.4.21- 1400,000/- |
| | 861157464/9.4.21- 1200,000/- |
| | 861157458/9.4.21- 74962/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

സ്ഥലവും കെട്ടിടവും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് (Document No.1194/21 Dt.01.10.2021) കൈവശപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 4.3.2010ലെ 13473/c2/09/വ്യവ.ഉത്തരവ് പ്രകാരം 1481,400/-രൂപയുടെ ബാധ്യത തീർത്ത് അളവക്കൽ സ്മാരക വീവേഴ്സ് വ്യവസായ സഹകരണസംഘത്തിന്റെ 44 സെന്റ് സ്ഥലവും കെട്ടിടവും ചോറോട് ഗ്രാമ പഞ്ചായത്തിന് നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനും സൊസൈറ്റിയുടെ ബാക്കി തുകയും പലിശയും ഉൾപ്പെടെയുള്ള ബാധ്യതതുക എഴുതി തള്ളുന്നതിനായി വിശദാംശം സർക്കാറിനെ അറിയിക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയതു പ്രകാരം ഏറ്റെടുക്കൽ നടത്താതെ സൊസൈറ്റിയുടെ ബാധ്യത പൂർണ്ണമായും പഞ്ചായത്ത് ഏറ്റെടുക്കുന്ന വിധത്തിൽ 4074692/-രൂപ നൽകിയാണ് സ്ഥലം കൈവശപ്പെടുത്തിയത്. ആയത് പഞ്ചായത്തിന് അധിക ബാധ്യതയുണ്ടാക്കുകയും സ്ഥലവും കെട്ടിടവും കൈവശപ്പെടുത്തുന്നതിന് 12വർഷത്തെ കാലതാമസം നേരിടുകയും ചെയ്തു.
2. സ്ഥലവും കെട്ടിടവും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് കൈവശപ്പെടുത്തിയിട്ടും പഞ്ചായത്ത് ഓഫീസ് നിലവിൽ വാടക കെട്ടിടത്തിൽ പ്രതിമാസം 18500/-രൂപ വാടക നൽകി പ്രവർത്തിക്കുകയാണ്. ഏറ്റെടുത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
3. പി.ഡബ്ല്യൂ.ഡി.ബിൽഡിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.3.2012ലെ വാല്യുവേഷൻ പ്രകാരം കെട്ടിടത്തിന് 2857658/-രൂപ വില നിശ്ചയിച്ചിട്ടുണ്ട്. പത്ത് വർഷത്തിനുശേഷം കെട്ടിടം ഉപയോഗയോഗ്യമല്ലാതായിതീർന്ന അവസരത്തിലും ഇതേ തുക നൽകിയാണ് കെട്ടിടം ഏറ്റെടുത്തിരിക്കുന്നത്. നിലവിൽ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് ഒഴിവാക്കേണ്ട അവസ്ഥയിലാണ്.
4. ഏറ്റെടുത്ത സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. കെട്ടിടം സാമൂഹ്യവിരുദ്ധരുടെ താവളമായിരിക്കുകയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/02.06.22)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഏറ്റെടുത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാനാവശ്യമായ സത്വരനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് എ.എം.സി.-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ചോറോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ തെരുവ് വിളക്കുകളുടെ വാർഷിക പരിപാലനത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്ത പ്രവൃത്തിക്കായി, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരായ കൽപത്തൂർ ഇലക്ട്രിക്കൽ & പ്ലംബ്ബിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്,നമ്പർ | തെരുവ് വിളക്ക് എ.എം.സി -229/21 |
| നിക്ഷേപിച്ച തുക | 397831/-(CFC Grant) |
| ബിൽ നമ്പർ,തിയ്യതി | 29/31.3.21 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം,ഇനം,സ്ഥാപിച്ച സ്ഥലം എന്നിവ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല.
2. തെരുവ് വിളക്കുകളുടെ എണ്ണം,ഇനം,സ്ഥാപിച്ച സ്ഥലം,സ്ഥാപിച്ച തിയ്യതി എന്നിവ കാണിക്കുന്ന തെരുവിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. പ്രവൃത്തി നടത്തുന്നതിനായി കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി വാങ്ങിയതായി കാണുന്നില്ല.
4. രണ്ടരലക്ഷം രൂപയിൽ കൂടുതലുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി. 2% ടി.ഡി.എസ്. പിടിക്കേണ്ടതായിരുന്നെങ്കിലും ബില്ലിൽ നിന്നും ജി.എസ്.ടി.കുറവ് ചെയ്തിട്ടില്ല.

ക്രമ നമ്പർ 1,2 എന്നീ രേഖകളുടെ അഭാവത്തിൽ എങ്ങിനെയാണ് 829 LED ബൾബുകളും 286 CFL ലൈറ്റുകളും 3 ട്യൂബുകളുമാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് എന്ന് കണക്കാക്കി പ്രോജക്ട് തയ്യാറാക്കിയത് എന്ന് ഓഡിറ്റിന് വ്യക്തമാവുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 03 /02.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തിക്കുന്ന വിളക്കുകളുടെ എണ്ണം കണക്കാക്കി തെരുവുവിളക്ക് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1- 20 3 വർഷം കഴിഞ്ഞ – ഡെപ്പോസിറ്റ് തുകകൾ - തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ ഇനത്തിൽ ലഭ്യമായ ഡെപ്പോസിറ്റ് തുകകൾ 3 വർഷം കാലാവധി കഴിഞ്ഞിട്ടും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | രസീത് നം/തീയതി | തുക |
|---|---|---|---|
| 1 | Suppliers EMD | 115021102003/23/07/2015 | 14010 |
| 2 | Bidders EMD | 11302075/24/03/2014 | 2545 |
| 3 | Bidders EMD | 11602101297-99/25/5/16 | 1000 |
| 4 | Bidders EMD | 11602107852-54/10/3/17 | 13000 |
| 5 | Bidders EMD | 11602400007/25/03/17 | 1500 |
| 6 | Auction Deposit | 11602100400/12/9/16 | 250 |
| 7 | Auction Deposit | 11702010199/27/5/17 | 500 |
| 8 | Suppliers Security Deposit | 11602108641/29/03/2017 | 12655 |

| | | | |
|---|---|---|---|
| | ആകെ | | 45460 |

3 വർഷം കാലാവധി കഴിഞ്ഞിട്ടും 45,460/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2020 – 21/02.06.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകയായ 45,460/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ജൽജീവൻ പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നം. | ജൽജീവൻ പദ്ധതി 274/21 |
| വകയിരുത്തിയതുക | 91574-(പൊതു വികസനഫണ്ട്)<br>584326-(CFC Grant) |
| ചെലവുതുക,ബിൽനം. ,തിയ്യതി | 91574-(26/23.3.21)<br>584326-(25/23.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്ന് 300 കുടുംബങ്ങൾക്ക് പുതിയ കുടിവെള്ള കണക്ഷൻ നൽകുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി നടപ്പാക്കുന്നതിനായി കേരള റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ ഏജൻസിയെ തെരെഞ്ഞെടുക്കുകയും അവർ തയ്യാറാക്കിയ 45.06ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

24.08.2020ലെസർക്കാർ ഉത്തരവ് (കൈ)നം.44/20 ജ.വി.വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ ജല ശുചിത്വ സമിതി (GPWSC) രൂപീകരിച്ച് ചെയർപേഴ്സൺന്റെയും കൺവീനറുടെയും പേരിൽ ദേശസാൽകൃത ബേങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. ആയതുപ്രകാരം കനറാബേങ്കിന്റെ ചോറോട് ശാഖയിൽ ആരംഭിച്ച അക്കൗണ്ടിലേക്ക്(A/C 5418101006462) 20-21വർഷത്തെ ഗ്രാമപഞ്ചായത്ത് വിഹിതമായ 6.759ലക്ഷം രൂപ 23.03.21ൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ജലജീവൻ പദ്ധതിയിലുൾപ്പെടുത്തി കണക്ഷൻ നൽകാനുദ്ദേശിക്കുന്ന, പദ്ധതി ഭാരവാഹികളുടെ യോഗം ചേർന്ന് പദ്ധതി സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും പുതിയ കണക്ഷൻ നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിൽ 20-21 ൽ നൽകാനുദ്ദേശിക്കുന്ന കണക്ഷനുകളുടെ ഗുണഭോക്തൃവിഹിതം (300 X 1503) 4. 506 ലക്ഷം രൂപ പിരിച്ചെടുത്ത് ജലജീവൻ പദ്ധതി എക്കൌണ്ടിലേക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടില്ല.

3. കണക്ഷൻ നൽകാനുദ്ദേശിക്കുന്ന പദ്ധതികളുടെ ഭാരവാഹികളിൽ നിന്നും ടെണ്ടർ നടപടികൾ സ്വീകരിക്കാനാവശ്യമായ സമ്മതപത്രം വാങ്ങി കേരള റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ ഏജൻസിക്ക് നൽകിയതായി കാണുന്നില്ല.

4.ഗ്രാമ പഞ്ചായത്ത് വിഹിതമായി കൈമാറിയ തുകയും പലിശയും ഉൾപ്പെടെ മേൽ അക്കൗണ്ടിൽ (19.3.22തിയ്യതിക്ക്) 692669/-രൂപയുണ്ട്. ഇതുവരെയും പദ്ധതി പണം ചെലവഴിക്കുകയോ പദ്ധതി പ്രവർത്തനം ആരംഭിക്കുകയോ ചെയ്തതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/02.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പൂർത്തീകരണവിവരത്തിന്റെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1-22 കരാർ പ്രകാരം പ്രവർത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല

2020-21 വർഷത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളിലെല്ലാം അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ചില പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നില്ല. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തിയാക്കാത്തതിന്ന് കരാർ സ്ഥാപനത്തിരെ യാതൊരു നടപടിയും എടുക്കുന്നില്ല. പല പ്രവൃത്തികളിലും പ്രവൃത്തി തുടങ്ങുന്നത് തന്നെ കരാർ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിലും പ്രവൃത്തി തുടങ്ങുന്നതിന് കാല താമസം വരുത്തുന്നുണ്ട്. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിന്ന് പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാർ സ്ഥാപനത്തിന് നൽകുകയാണ് ചെയ്തത്. പിഴയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | അഗ്രിമെന്റ് നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 209/20-21<br>എൽ.പി.യു.പി സ്കൂളിൽ ഭൗതിക സാഹചര്യം ഏർപ്പെടുത്തൽ | 438597<br>( കേന്ദ്ര ഫണ്ട്, ബിൽ നം.904267/20.4.20) | 2/2019-20 /27.5.2019<br>എം. ബുക്ക് 128,185,186/2019-20 | 6 മാസം<br>25.8.20 | പി. എ. സി തുക 533874 രൂപയുടെ ( 3%) 16016രൂപ |
| 2 | 158/20-21<br>6ാം നമ്പർ അങ്കണവാടി അറ്റകുറ്റ പണി | 240700 റോഡിതര മെയിന്റനൻസ്സ് ഫണ്ട്, ബിൽ നം.27405/24.4.20 | 34/2017-18 /19.03.2018<br>എം. ബുക്ക് 84,110/17-1816 | 12 മാസം<br>26.11.2019 | പി. എ. സി തുക 346517 രൂപയുടെ ( 3%) 10396രൂപ |
| 3 | 214/20-21<br>ചോറോട് പി.എച്ച്.സി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 468772( റോഡിതര മെയിന്റനൻസ്സ് ഫണ്ട്, ബിൽ നം.50509/25.2.21 | 35/2018-19 /10.09.2018<br>എം. ബുക്ക് 121,136,137,153/19-20 | 12 മാസം<br>25.08.20 | പി. എ. സി തുക 862500 രൂപയുടെ ( 3%) 25875രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | 218/20-21 പ്ലാസ്റ്റിക്ക് സ്റ്റോറേജ് കെട്ടിടം വിപുലീകരണം | 143294 ( കേന്ദ്ര ഫണ്ട് ബിൽ നം.200092/23.3.21 | 01/19-20 /27.05.19 എം. ബുക്ക് 7,156,157/19-20, | 6 മാസം 06.03.20 | പി. എ. സി തുക 991367രൂപയുടെ ( 3%) 29741 രൂപ |
| 5 | 240/20-21 ജി.എഫ് .എൽ.പി.സ്കൂൾ മുട്ടങ്ങൽ നവീകരണം | 132000 റോഡിതര മെയിന്റനൻസ്സ് ഫണ്ട്, ബിൽ നം.64148/10.2.21 | 14/20-21 /02.11.2020 എം. ബുക്ക് 171/20-21 | 6 മാസം 19.11.21 | പി. എ. സി തുക 654872 രൂപയുടെ ( 3%) 19646രൂപ |
| 6 | 112/20-21 മത്തത്ത് മുക്ക് പിലക്കാട്ടിൽ പൊയിൽ താഴ റോഡ് ടാറിങ് | 120000 റോഡിതര മെയിന്റനൻസ്സ് ഫണ്ട്, ബിൽ നം.163363//26.2.21 | 29/20-21 /2.11.20 എം. ബുക്ക് 198/21-22 | 6 മാസം 2.3.22 | പി. എ. സി തുക 600000 രൂപയുടെ ( 3%) 18000രൂപ |
| 7 | 219/20-21 എൻ എച്ച് ഹൈവേ തുപ്രക്കണ്ടി മുക്ക് റോഡ് ടാരിങ്ങ് | 517115 (26000-റോഡിതര മെയിന്റനൻസ്സ് ഫണ്ട്, 257115-തനത് ഫണ്ട് ബിൽ നം.873404/29.12.20 2933630/15.2.21 | 20/2019-20 /10.10.2019 എം. ബുക്ക് 183,184/19-20 | 6 മാസം 03.06.20 | പി. എ. സി തുക 700000 രൂപയുടെ ( 1%) 7000രൂപ |
| | | | | ആകെ | 126674 |

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ. പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ച നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ ഊരാളുങ്കല് ലേബർ കോൺട്രാക്ട് സൊസൈറ്റി അപേക്ഷ നൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 1.2.2012 തിയ്യതിയിലെ ജി.ഒ (പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവൃത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവർത്തി

ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുമ്പോൾ കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 15 /2020-21 2.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നത് വരെ 126674 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 മെറ്റീരിയൽ റിക്കവറി സെന്റർ പ്രവർത്തനം ആരംഭിക്കാത്തത് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21, 2021-22 വർഷത്തിൽ മാലിന്യ സംസ്കരണത്തിനായി മെറ്റീരിയൽ റിക്കവറി സെന്റർ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി താഴെ കാണിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| വർഷം | പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| 183/19-20 | പ്ലാസ്റ്റിക്ക് സ്റ്റോറേജ് കെട്ടിടം വിപുലീകരണം | 1000000 | 592863 |
| 218/20-21 | പ്ലാസ്റ്റിക്ക് സ്റ്റോറേജ് കെട്ടിടം വിപുലീകരണം | 407137 | 143294 |
| 278/20-21 | എം.സി.എഫ് കേന്ദ്രം അനുബന്ധ കെട്ടിട നിർമ്മാണം | 790000 | 0 |
| 165/22 | എം.സി.എഫ് കേന്ദ്രം അനുബന്ധ കെട്ടിട നിർമ്മാണം | 790000 | 637849 |

| | |
|---|---|
| ആകെ ചെലവ് | 1374006 |

1374006 രൂപ ചെലവഴിച്ച് 2 സ്റ്റോറേജ് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും എം.സി എഫ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (18/2020-21 തീയതി. 02.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എം.സി.എഫ് പൂർണതോതിൽ പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-24 നഗര സഞ്ചയ ഫണ്ട്- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ 24.31 ലക്ഷം രൂപ നഷ്ടപ്പെട്ടു

ചേറോട് ഗ്രാമ പഞ്ചായത്തിന് നഗര സഞ്ജയ വിഭാഗത്തിന്റെ (Urban Aglemerarion ) 24.31 ലക്ഷം രൂപ ലഭ്യമായിരുന്നു. 4.9.20 ന് ചേർന്ന വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ ഈ തുക വകയിരുത്തി 2020-21 വർഷത്തിൽ പദ്ധതികൾ തയ്യാറാക്കി ഫണ്ട് വിനിയോഗിക്കണമെന്ന് തീരുമാനം എടുത്തിട്ടുണ്ട്. ചെമ്മഞ്ചേരി, കല്ലറക്കൽ, കലാനോട് തോട് തുടങ്ങിയവ ആഴം കൂട്ടി സൈഡ് കെട്ടുന്നതിന് പദ്ധതികൾ നടപ്പിലാക്കാനാണ് തീരുമാനമെടുത്തത്. എന്നാൽ വർക്കിങ്ങ് ഗ്രൂപ്പ് ഈ പദ്ധതികളൊന്നും തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ലാത്തിനാൽ മേൽ ഫണ്ട് നഷ്ടപ്പെടാനിടയായി. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഒഡിറ്റ് എൻക്വയറിയ്ക്ക് (16/2020-21 തീയതി. 02.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫണ്ട് നഷ്ടപ്പെടുത്തിയതിന് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 1-25 മരാമത്ത് പ്രവർത്തികൾക്ക് മുൻകൂർ അനുവദിക്കുന്നത് വ്യവസ്ഥാപിതമായ രിതിയിലല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ൽ നടപ്പിലാക്കിയ പ്രൊജക്റ്റുകൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് .ഇതിൽ ചില പ്രവർത്തികൾക്ക് കരാർ സ്ഥാപനത്തിന് അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. അഡ്വാൻസ് അനുവദിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)അഡ്വാൻസ് റജിസ്റ്റ് കൃത്യമായി സൂക്ഷിക്കുന്നി ല്ല.

2019-20വർഷത്തിൽ 22 പ്രവർത്തികൾക്കും 2020-21 ൽ 18പ്രവർത്തികൾക്കും അഡ്വാൻസ് നൽകിയ തുകയും തിയ്യതിയും റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്റ്റ് നമ്പർ തുക അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരങ്ങൾ എന്നിവ അഡ്വാൻസ് റജിസ്റ്ററിൽ എഴുതിയിട്ടില്ല.

2) 2019-20 വർഷത്തിനു മുൻപ് അനുവദിച്ചിട്ടുള്ള അഡ്വാൻസ് തുകകളുടെയും ആയത് അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ അഡ്വാൻസ് നൽകിയ പ്രവർത്തികളിൽ അഡ്ജസ്റ്റ് ചെയ്യാത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് നൽകുന്ന അഡ്വാൻസ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള തുകയുടെ വ്യക്തമായ കണക്ക് വാർഷിക കണക്കിലെ B-18 സ്റ്റേറ്റ് മെന്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

4) നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് ചില പ്രവർത്തികളിൽ മാത്രമാണ് മുൻകൂർ തുക അനുവദിക്കുന്നത് . ഇതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. സ്ഥാപനം മുൻകൂർ ലഭിക്കുന്നതിനായി അപേക്ഷിക്കുന്നത് കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/2020-21 തീയതി. 02.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് നൽകിയതിന്റെയും അഡ്ജസ്റ്റ് ചെയ്തതിന്റെയും കൃത്യമായ കണക്ക് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഒരേ കെട്ടിടത്തിന് വ്യത്യസ്ത റോഡ് രേഖപ്പെടുത്തിയിരിക്കുന്നു-വസ്തുനികുതി ഇനത്തിൽ നഷ്ടം

സംഭവിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഫയൽ, സഞ്ചയ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ചോറോട് ഗ്രാമപഞ്ചായത്ത് 12 ാം വാർഡിൽ സുലൈമാൻ, പിലാക്കാട്ട് മീത്തൽ, മാങ്ങാട്ട് പാറ എന്ന ആളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ താഴത്തെ നില 481 A,B,C,D എന്നീ മുറികൾ വാണിജ്യാവശ്യത്തിനുള്ള ഷോപ്പ് മുറികളായും 481 E നം ഒന്നാം നില ലോഡ്ജ് ആവശ്യത്തിനായും നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചവയാണ്. എന്നാൽ വസ്തുനികുതി കണക്കാക്കിയതിൽ 481 E യ്ക്ക് സൈറ്റ് പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടുതൽ വഴി ഉള്ളതിനാൽ വസ്തുനികുതിയുടെ 20% കണക്കാക്കി വഴി വർദ്ധന ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചെങ്കിലും 481 A,B,C,D എന്നീ മുറികൾക്ക് 1.5 മീറ്ററിൽ കൂടുതൽ റോഡ് എന്ന് രേഖപ്പെടുത്തി യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ട വഴി വർദ്ധന ഉൾപ്പെടുത്താതെയുമാണ് നികുതി നിർണ്ണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഈടാക്കിയ വസ്തുനികുതി

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | ആകെ വിസ്തീർണ്ണം | അടിസ്ഥാന നികുതി നിരക്ക് | ദ്വിതീയ മേഖല ഇളവ് | വഴി സൗകര്യം വർദ്ധനവ് | വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | സുലൈമാൻ, പിലാക്കാട്ട് മീത്തൽ, മാങ്ങാട്ട് പാറ | 12/481 A | 50.56 | 50 | 252.8 | - | 2276 | 114 | 2390 |
| 2 | | 12/481 B | 15.78 | 50 | 78.9 | - | 711 | 36 | 747 |
| 3 | | 12/481 C | 31.1 | 50 | 155.5 | - | 1400 | 70 | 1470 |
| 4 | | 12/481 D | 26.07 | 50 | 130.35 | - | 1174 | 59 | 1233 |
| 5 | | 12/481 E | 146.79 | 30 | 440.37 | 880.74 | 4845 | 243 | 5088 |

ഈടാക്കേണ്ട വസ്തുനികുതി

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | ആകെ വിസ്തീർണ്ണം | അടിസ്ഥാന നികുതി നിരക്ക് | അടിസ്ഥാന നികുതി | ദ്വിതീയ മേഖല ഇളവ് | വഴി സൗകര്യം വർദ്ധനവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ | ഈടാക്കേണ്ട തുക- ഈടാക്കിയ തുക |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | സുലൈമാൻ, പിലാക്കാട്ട് മീത്തൽ, മാങ്ങാട്ട് പാറ | 12/481 A | 50.56 | 50 | 2528 | 252.8 | 505.60 | 2781 | 139 | 2781+ 139= 2920 | 505+ 25=530 |
| 2 | | 12/481 B | 15.78 | 50 | 789 | 78.9 | 157.80 | 868 | 43 | 868+ 43=911 | 157+ 7=164 |
| 3 | | 12/481 C | 31.1 | 50 | 1555 | 155.5 | 311 | 1711 | 86 | 1711+ 86=1797 | 311+ 16=327 |
| 4 | | 12/481 D | 26.07 | 50 | 1303.5 | 130.35 | 260.70 | 1434 | 72 | 1434+ 72=1506 | 260+ 13=273 |
| 5 | | 12/481 E | 146.79 | 30 | 4403.7 | 440.37 | 880.74 | 4845 | 243 | 5088 | 0 |
| ആകെ | | | | | | | | | | 1233+61=1294 | |

മുൻ വർഷ റിപ്പോർട്ടിൽ റോഡുകൾ തിരഞ്ഞെടുക്കുന്നതിലെ അപാകതകൾ പരാമർശിച്ചിരുന്നു. ഈ വസ്തുത ശരി വയ്ക്കുന്ന തരത്തിലാണ് മേൽ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചത്. വസ്തുനികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതിനിർണ്ണയം പുന:പരിശോധിച്ച് വസ്തുനികുതി ഇനത്തിലുണ്ടായ 1233 രൂപ നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് നിർവ്വഹിച്ച കാലയളവ് | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | | 650000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 650000 |
| | 2020-21 | | 100000 | ലൈഫ് ഭവനപദ്ധതി 2020-21 | 100000 |
| | 2020-21 | | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 |
| | 2020-21 | | 60000 | അങ്കണവാടി ശിശു സൗഹൃദ പെയന്റിംഗ് | 60000 |
| | 2020-21 | | 484272 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 484272 |
| | 2020-21 | 645928 | 290855 | ജെറിയാടിക്ക് ക്ലിനിക്ക് കെട്ടിട നിർമ്മാണം | 290855 |
| | | | 1885127 | | 1885127 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 118250 | മുട്ടഗ്രാമം വനിത | 118250 |
| | 2020-21 | | 56400 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 56400 |
| | 2020-21 | | 300000 | ഭിന്നശേഷിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിളക്ക് ലൈൻ വലിക്കൽ- 279/21 | 27/23.03.21 | 547221 | 0 | 547221 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയതിന്റെ വിവരം-

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവനവായ്പ | 51613/DB /1/14/lsgd | | 6025360 | 1868672 | | 4156688 |
| കെ.യു.ആർ.ഡി.എഫ് സി | -- | | 3349412 | 468078 | | 2881334 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 33868209 |
| തൻവർഷം നിക്ഷേപിച്ച തുക | 2902239 |
| ആകെ | 36770448 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 36770448 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008052 | 7839554 |
| 2 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008053 | 7839554 |
| | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008054 | 7839554 |
| | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008055 | 7764099 |
| | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008056 | 5487687 |
| ആകെ | | | 36770448 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 മറ്റ് പരാമർശം | 11.4 | ചാത്താം കണ്ടി തെരു ശ്മശാനം റോഡ് | തീർപ്പാക്കാൻ അവശേഷിക്കുന്നു. |
| 2000-01 | | 2003-04 മറ്റ് പരാമർശം | 11.14 | മന്നത്താഴ ചെമ്മഞ്ചേരി റോഡ് | -ടി- |
| 2000-01 | | 2004-05 പൊതു പരാമർശം | 11.1.3.18 | നികുതി പിരിവ് അലംഭാവം | -ടി- |
| | | 2013-14 | 5.1.5.4 | പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | -ടി- |
| | | 2013-14 | 5.1.5.6 | ജലസ്രോതസ്സുകളിൽ കയ്യേറ്റം | -ടി- |
| | | 2013-14 | 5.1.5.11 | കടിവെള്ളപദ്ധതി പ്രവർത്തനരഹിതം | -ടി- |
| 2014-15 | 2-2,2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി | -ടി- |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി.സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,54,91,357 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,59,40,615 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,233 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,81,695 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | ചെലവ് സർചാർജ് ചെയ്യാവുന്ന തുക | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|---|---|---|
| 2-1 | 1233 | | ശ്രീ. സന്തോഷ്. ടി, സെക്രട്ടറി, | സെക്രട്ടറി, ചോറോട് ഗ്രാമ പഞ്ചായത്ത് |
| | 1233 | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3,1900 | ശ്രീ പ്രദീപ് കുമാർ പി സെക്രട്ടറി ചോറോട് ഗ്രാമ പഞ്ചായത്ത് |
| 1-16 | 5,47,221 | ശ്രീ പ്രദീപ് കുമാർ പി സെക്രട്ടറി ചോറോട് ഗ്രാമ പഞ്ചായത്ത് |

| | | |
|---|---|---|
| 1-21 | 6,75,900 | ശ്രീ പ്രദീപ് കുമാർ പി സെക്രട്ടറി<br>ചോറോട് ഗ്രാമ പഞ്ചായത്ത് |
| 1-22 | 1,26,674 | ശ്രീമതി. സുനിത. പി.കെ .അസിസ്റ്റന്റ് എഞ്ചിനീയർ, ചോറോട് ഗ്രാമ പഞ്ചായത്ത് |
| ആകെ | 13,49,795 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-1 ഗ്രന്ഥശാലാവരി – 61

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രദീപ് കുമാർ പി സെക്രട്ടറി | ശ്രീ പ്രദീപ് കുമാർ പി, സെക്രട്ടറി<br>ചോറോട് ഗ്രാമ പഞ്ചായത്ത് | കഷ്മി ,തൃച്ഛമ്പലം,<br>തളിപ്പറമ്പ് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1991-92 | എൽ.എഫ്.കെ.കെ.ഡി/പി 5/560/10 | 8 | |
| 1992-93,93-94 | എൽ.എഫ്.കെ.കെ.ഡി/എസ്2/ 1227/94 തീയതി 27.04.1995 | 7 | |
| 1995-96 | എൽ.എഫ്.കെ.കെ.ഡി/പി 5/144/96 തീയതി 02.01.1997 | 2 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി9 /1850/19(2)തീയതി 3.12.20 | 1 | 33 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(6)/13തീയതി 23.08.2013 | 6 | 9(1,3),10,11,12,13 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി9 /1850/19(3)തീയതി 3.12.20 | 4 | 7(1,2),8,9(2) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി9 /1850/19(5)തീയതി 3.12.20 | 5 | 3-4,3-7,3-103-13,3-14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി9 /1850/19(6)തീയതി 3.12.20 | 8 | 2-3,3-3,3-4,3-5,3-6,<br>3-7,3-8,3-9 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി9 /1850/19(7)തീയതി 3.12.20 | 3 | 3-3,3-4,3-5 |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്1 /706/09 തീയതി 22.01.2010 | 15 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി 5/1195/11 തീയതി 12.10.2011 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി 5/781/12 തീയതി 12.06.2012 | 8 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി 5/782/12 തീയതി 12.06.2012 | 14 | |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/ പി 5/895/14 തീയതി 06.08.2014 | 12 | 2-2,2-7(2), 3-2,3-3, 3-4,3-6, 3-7, 3-8, 3-10, 3-14,3-15, 3-16 |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി/പി 5/858/15 തീയതി 03.08.2015 | 21 | |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി6 /2231/16 തീയതി 21.5.17 | 11 | 2-1,2-2(2,3,4,5,6)2-3, 3-1,3-2,3-6,3-8 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി15 /447/2019തീയതി 29.6.19 | 29 | 2-1(1,2,3,6,7,8,9,10) 2-3(2,3) 2-3(4,5,6,7),2-4,2-5, 2-6,3-1,3-3,3-5,3-7,3-9, 3-12,3-13,3-14,3-15, 3-16,3-17,3-18,3-19, 3-20,3-21,3-22 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി6/1634/17 തീയതി 17.1.18 | 17 | 2-1,2-2,2-3,2-4, 3-1,3-2, 3-3,3-4,3-5,3-6,3-8, 3-9,3-10,3-12,3-13,3-14, 3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി9 /1849/2019 തീയതി28.2.20 | | 1-12(3,4,5,6)1-12(10), 2-1,2-3,2-4,2-5, 2-6,3-1,3-2,3-3,3-4, 3-6,3-8(3),3-9, 3-11,3-12,4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി15 /1599/2019 തീയതി 10.6.20 | 15 | 1-1,2,3,4,5,6,7,8,9.10, 11,12,13,14,15 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി9/ 750/2021/30.06.21 | 33 | 1-1 മുതൽ 1-22 വരെ, 4-1മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്